# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.866** **30.10.2019-ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | **2019-**ലെ പ്രളയത്തിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>ഉണ്ട്. 2019 ലെ പ്രളയത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>മരണപ്പെട്ടവർ - 4<br>ഭൂമി വാസയോഗ്യമല്ലാതായവർ - 191<br>പൂർണ്ണമായും തകർന്ന വീടുകൾ - 462<br>ഭാഗികമായി തകർന്ന വീടുകൾ - 1355<br>ഉപയോഗശൂന്യമായ കക്കൂസുകൾ - 2548<br>തകർന്ന കിണറുകൾ - 393<br>ജീവനോപാധികൾ നഷ്ടമായവർ - 515<br>നാശനഷ്ടം സംഭവിച്ച കോളനികൾ - 353<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരികയാണ്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>2019 വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ 221 ക്യാമ്പുകളിലായി 5045 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിരുന്നു. ടി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണസാധനങ്ങൾ, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കിയിരുന്നു. ഫീൽഡ് തലത്തിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ 448 വീടുകൾ പൂർണ്ണമായും 582 വീടുകൾ ഭാഗികമായും തകർന്നു. പ്രസ്തുത വീടുകളുടെ സാങ്കേതിക പരിശോധന ഫീൽഡ് തലത്തിൽ നടന്നുവരികയാണ്.<br>പ്രളയം കാരണം കോളനികളിൽ പട്ടിണി നേരിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഭക്ഷ്യധാന്യ പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ |

| | | | |
|---|---|---|---|
| | | | മുൻകൂർ എത്തിച്ചിരുന്നു. ഐ.റ്റി.ഡി.പി പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും പേരു വിവരങ്ങളും, കോൺടാക്റ്റ് നമ്പരുകളും ഡിസാസ്റ്റർ മാനേജ്മെന്ററി സെല്ലിന് കൈമാറുകയും അടിയന്തിര സാഹചര്യങ്ങളിൽ ടി വകുപ്പുമായി ചേർന്ന് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2019 കാലവർഷക്കെടുതിയിൽ ഭാഗികമായോ പൂർണ്ണമായോ തകർന്ന വീടുകൾ/വാസയോഗ്യമല്ലാതായിട്ടുള്ള കോളനികൾ

| ക്രമ നം. | പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | പൂർണ്ണമായും തകർന്ന കോളനികളുടെ എണ്ണം | പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം | ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | പുനലൂർ | - | 1 | 1 |
| 2 | കാഞ്ഞിരപ്പള്ളി | - | 33 | 3 |
| 3 | ചാലക്കുടി | - | 188 | |
| 4 | അട്ടപ്പാടി | - | 16 | 90 |
| 5 | പാലക്കാട് | 3 | 1 | 3 |
| 6 | നിലമ്പൂർ | 6 | 67 | 41 |
| 7 | കൽപ്പറ്റ | 6 | 38 | 69 |
| 8 | മാനന്തവാടി | 16 | 48 | 115 |
| 9 | സുൽത്താൻബത്തേരി | - | 30 | 104 |
| 10 | കോഴിക്കോട് | - | 1 | 12 |
| 11 | കണ്ണൂർ | - | 15 | 32 |
| 12 | കാസർഗോഡ് | - | 10 | 112 |
| | ആകെ | 31 | 448 | 582 |

സെക്ഷൻ ഓഫീസർ